LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ലാസ്സുകൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഇത്തരം ഫീസിനങ്ങൾ ഈടാക്കാതിരി ക്കുന്നതിനും ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കിനൽകുന്നതിനും ഉത്തരവ് നൽകുമോ; വ്യക്തമാക്കുമോ?

സ.ഉ.(സാധാ) 789/2021/ഉവിവ., 15-6-2021-ലെ ഉത്തരവ് മുഖേനയും സ.ഉ.(സാധാ) 800/2021/ഉവിവ, 17-6-2021-ലെ ഉത്തരവ് മുഖേനയും സംസ്ഥാനത്ത് റെഗുലർ ക്ലാസ്സുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ആനുപാതികമായും കുറവുചെയ്യണമെന്നും കൂടാതെ 2021-22 അദ്ധ്യയന വർഷത്തിലും അഡ്മിഷൻ ഫീസുൾപ്പെടെയുള്ള ഫീസിനങ്ങളിൽ യാതൊരു വർദ്ധനവും വരുത്താൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ 2021-22 വർഷത്തിൽ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകാനോ ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കി നൽകാനോ നിഷ്കർഷിച്ചിട്ടില്ല.

നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ട്

172(1157) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവന ചെയ്തപ്രകാരം ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് രൂപംനൽകിയ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ലോഗോ

173(1158) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ വിമർശനത്തെതുടർന്ന് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ലോഗോ മരവിപ്പിച്ച സാഹചര്യത്തിൽ പുനഃപരിശോ ധിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?